LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ചയിലാണ് ഇപ്പോൾ നിൽക്കുന്നത്. എക്സൈസ് ഡിപ്പാർട്ടുമെന്റ് നൽകുന്ന confiscated spirit വിൽപ്പനയിലൂടെ ലഭ്യമാകുന്ന ചെറിയ വരുമാനം കൊണ്ടാണ്, ശമ്പളം പകുതിയെന്നുള്ള നിലയിലെങ്കിലും ജീവനക്കാർക്ക് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. അതുപോലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. അച്ചുതനും ചൂണ്ടിക്കാണിച്ചതുപോലെ കൃഷിക്കാരുടെ ഒരു പ്രശ്നമുണ്ട്. 351 ലക്ഷം രൂപ കൃഷിക്കാർക്ക് കൊടുക്കാൻ ബാക്കിയുണ്ട്. കൃഷിക്കാർക്ക് നൽകാനുള്ള ഈ സംഖ്യ, കേന്ദ്ര ഗവൺമെന്റിന്റെ കൃഷിവകുപ്പിൽ നിന്നോ സംസ്ഥാന ഗവൺമെന്റിൽനിന്നോ എടുത്ത് കർഷകരുടെ കടം തീർക്കാൻ പരാമവധി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഡെവലപ്മെന്റ് ചാർജ്ജ് ഈടാക്കാതെ ഫാക്ടറിയുടെ തന്നെ സ്ഥലം കരിമ്പ് കൃഷിക്കാരെ സഹായിക്കാൻവേണ്ടി അവരെത്തന്നെ കൃഷിചെയ്യാൻ അനുവദിക്കുകയും അവർക്ക് കിട്ടുന്ന കരിമ്പ് കോയമ്പത്തൂരിലെ ബെന്നാരി അമ്മൻ ഷുഗർ ഫാക്ടറിയിലേയ്ക്ക് നൽകാൻ സർക്കാർ അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിധത്തിലെല്ലാം പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്. സംഗതികളുടെ ഗൗരവം ഗവൺമെന്റിന് നല്ല ബോദ്ധ്യമുണ്ട്. ജലവിഭവ വകുപ്പുമന്ത്രിയെക്കൂടി കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയെക്കുറിച്ച് വിശദീകരിക്കുന്നതിന് അനുവദിക്കുന്നത് നന്നായിരിക്കുമെന്ന് തോന്നുകയാണ്.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ കനാൽ എക്സ്റ്റൻഷന് ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. വരട്ടയാർ വരെയുള്ളതിന് ഓർഡർ കൊടുക്കുകയും വാളയാർ വരെയുള്ളതിന് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുവേണ്ടിയുള്ള നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ സ്റ്റേജ് ബൈ സ്റ്റേജ് ആയി ധനലഭ്യതയുടെ അടിസ്ഥാനത്തിൽ ഈ പ്രോജക്ട് ടേക്ക്അപ്പ് ചെയ്യാം.

മി. സ്പീക്കർ: ഇന്ന് സബ്മിഷൻസ് ധാരാളം ഉള്ളതുകൊണ്ട് സബ്മിഷൻസ് അവതരിപ്പിക്കുന്ന അംഗങ്ങളും മറുപടി പറയുന്നവരും ചുരുക്കി പറയണം. റവന്യുവും നിയമവും വകുപ്പുമന്ത്രിയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഒരു സ്പെഷ്യൽ കേസ് എന്നുള്ള നിലയ്ക്ക് ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് നടത്തുന്നതിന് ഇപ്പോൾ അനുവാദം കൊടുക്കുകയാണ്.

VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ഭവന നിർമ്മാണ ബോർഡ് പലിശയിളവ് നൽകുന്നത് സംബന്ധിച്ച്

റവന്യുവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) സർ, ഭവന നിർമ്മാണ ബോർഡിൽ നിന്നും വായ്പയെടുത്തിട്ടുള്ളതും ഹയർ പർച്ചേസ് വ്യവസ്ഥയനുസരിച്ച് വീടും സ്ഥലവും വാങ്ങിയിട്ടുള്ളതുമായ ഗുണഭോക്താക്കൾക്ക് പലിശ നിരക്കിൽ കുറവ് വരുത്തുന്നതാണ്. ഇതുസംബന്ധിച്ച് ഗവൺമെന്റും

ഹൗസിംഗ് ബോർഡും ഹഡ്കോയുമായി നടത്തിയ നിരന്തര ചർച്ചകളുടെ ഫലമായി പലിശ കുറയ്ക്കുന്ന നടപടിക്ക് ഹഡ്കോയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഉയർന്ന പലിശ നിരക്കിൽ ഹൗസിംഗ് ബോർഡിൽനിന്ന് എടുത്തിട്ടുള്ളതും 1-9-2005-ൽ നിലനിൽക്കുന്നതുമായ എല്ലാ വായ്പക്കാർക്കും ഹയർ പർച്ചേസ് പദ്ധതിയിൽപ്പെട്ടവർക്കും ഈ പലിശ വെട്ടിക്കുറയ്ക്കൽ നടപടിയുടെ പ്രയോജനം പ്രസ്തുത തീയതി മുതൽ ലഭ്യമാക്കുന്നതാണ്. താഴ്ന്ന വരുമാനക്കാർക്ക് 13 ശതമാനം വരെ ഉയർന്നുനിന്നിരുന്ന പലിശ 10 ശതമാനമായും ഇടത്തരം വരുമാനക്കാർക്ക് പതിനാലര ശതമാനം വരെ ഉയർന്നു നിന്നിരുന്ന പലിശ 11 ശതമാനമായും ഹയർ ഇൻകംഗ്രൂപ്പ് അടയ്ക്കേണ്ട തുകയ്ക്കും ഹയർ പർച്ചേസ് സ്കീമിൽ എടുത്ത വായ്പകൾക്കും പതിനഞ്ചര ശതമാനം വരെ ഉയർന്നുനിന്നിരുന്ന പലിശ 12 ശതമാനമായും കുറച്ചിരിക്കുന്നു.

ഈ ആനുകൂല്യം ഗുണഭോക്താക്കൾക്ക് 1-9-2005 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി ലഭിക്കുന്നതായിരിക്കും. ഈ നടപടിയുടെ ഫലമായി ഹൗസിംഗ് ബോർഡിനും ഗുണഭോക്താക്കൾക്കുമായി 128 കോടി രൂപയുടെ ആശ്വാസം ലഭിക്കുന്നതാണ്. ഈ തീരുമാനത്തിൽക്കൂടി നിയമസഭയിൽ സർക്കാർ നൽകിയ ഉറപ്പ് പാലിച്ചു എന്നതിന് പുറമേ ഗുണഭോക്താക്കളുടെ ദീർഘകാലത്തെ ആവശ്യത്തിന് പരിഹാരമുണ്ടായിരിക്കുന്നു എന്നതിൽ സർക്കാരിന് ചാരിതാർത്ഥ്യമുണ്ട്.

സബ്മിഷൻ (തുടർച്ച)

മി. സ്പീക്കർ: ശ്രീ. ടി.എം. ജേക്കബ് അടിയന്തിരപ്രമേയത്തിന് നോട്ടീസ് തന്നിരുന്നു. അടിയന്തിരപ്രമേയം അനുവദിച്ചില്ല. സബ്മിഷനായി അങ്ങേയ്ക്ക് ഉന്നയിക്കാം.

വിവാഹ സദ്യയിൽ പങ്കെടുത്തവർക്ക് ഭക്ഷ്യവിഷബാധ

ശ്രീ. ടി. എം. ജേക്കബ്: സർ, വളരെ ഗൗരവമുള്ള വിഷയമായതുകൊണ്ടാണ് റൂൾ 50 അനുസരിച്ച് ഈ വിഷയം ഉന്നയിക്കുന്നതിന് നോട്ടീസ് തന്നത്. പിറവം നിയോജകമണ്ഡലത്തിലെ പിറവം വില്ലേജിൽ മുളക്കുളം നോർത്ത് വടക്കേക്കര പുതിയേടത്തു വീട്ടിൽ കുര്യാക്കോസിന്റെ മകൻ ബിനുവിന്റെ വിവാഹത്തോടനുബന്ധിച്ച് സദ്യ നടത്തിയിരുന്നു. സദ്യയിൽ പങ്കെടുത്ത മിക്കവാറും എല്ലാപേർക്കും ഭക്ഷ്യവിഷബാധയേറ്റു. നിരവധിയാളുകൾ ആശുപത്രിയിലായി. പതിനേഴാം തീയതി രാത്രി അന്ന എന്നു പറയുന്ന ഒരു സ്ത്രീ മരിച്ചു. കോലഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ വളരെ ഗുരുതരമായ സ്ഥിതിയിൽ പല രോഗികളും കിടക്കുകയാണ്. എനിക്ക് ലഭ്യമായ വിവരമനുസരിച്ച് 65-67 പേർ ആശുപത്രിയിൽ ചികിൽസയിലാണ്. എറണാകുളത്തുള്ള 'കൈസ്' എന്ന കാറ്ററിംഗ് സ്ഥാപനമാണ് ബിരിയാണി

LIBRARY ARCHIVES Kerala Legislative Assembly